കാര്യം തീർച്ചയായും പരിഗണിക്കാം. ഇത് വ്യാപകമാകാത്ത രീതിയിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ എന്നുള്ളതാണ്, തീർച്ചയായും അവരുമായി ചർച്ച ചെയ്യുകയും ഈ കാര്യത്തിൽ ഗവൺമെൻറിനേറയും, ബോർഡിനേറയും താൽപ്പര്യത്തിന് അനുഗുണമായി എന്തൊക്കെ ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്യാം.

(8) കളമശ്ശേരി പ്രീമിയർ ടയേഴ്സ് ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. കെ. മൊഹമ്മദാലി : സർ, കേരളത്തിലെ വൻകിട വ്യവസായ സ്ഥാപനങ്ങളിലൊന്നായ കളമശ്ശേരി പ്രീമിയർ ടയേഴ്സ് ഏതവസാത്തിലും അടച്ച് പൂട്ടാമെന്ന ഗുരുതരമായ ഒരു നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെൻറ് 50 ശതമാനത്തിലേറെ പങ്കാളിത്തമുള്ള ഈ വ്യവസായ സ്ഥാപനം തുടർന്ന് നല്ല നിലയിൽ കൊണ്ടു പോകുവാൻ മാനേജുമെൻറ് തയ്യാറാകുന്നില്ലെന്നുള്ളതാണ് ഈ സ്ഥാപനം ഈ നിലയിൽ എത്തുവാൻ കാരണമായിട്ടുള്ളത്. ഇന്ന് ആയിരത്തിലേറെ വരുന്ന ആ വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് മാസത്തിൽ പത്ത് ദിവസം മാത്രമാണ് ആ സ്ഥാപനത്തിൽ ജോലിയുള്ളത്. ധനകാര്യ സ്ഥാപനങ്ങളും, മറ്റ് പല ഏജൻസികളും, ഐ. ഡി. ബി. ഐ. ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളും ഈ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുവാൻ സാമ്പത്തിക സഹായം ചെയ്യുവാൻ തയ്യാറായി വന്നിട്ടുണ്ട്. ഇതിൻെറ മാനേജുമെൻറ് അത് ഉപയോഗപ്പെടുത്താൻ വരുന്നില്ലെന്നുള്ളതാണ് പ്രശ്നം. ഇൻഡ്യയിലെ ടയർ ഫാക്ടറികളെല്ലാം തന്നെ ആദായകരമായി നല്ല നിലയിൽ വരുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനം ആയ കളമശ്ശേരി പ്രീമിയർ ടയേഴ്സ് അടച്ചു പൂട്ടാനിടയായ ഗുരുതരമായ സാഹചര്യത്തിലേക്ക് ഈ സ്ഥാപനത്തെ വലിച്ചിഴച്ചു മാനേജ്മെൻറിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുവാനും, ഇതിനെ തുടർന്നു കൊണ്ട് പോകുവാനും, ആയിരത്തിലേറെ തൊഴിലാളികളും ആശങ്കാകുലരായിരിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാനും ഗവൺമെൻറ് അടിയന്തിരമായ നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : 215 ലക്ഷം രൂപ മുതൽ മുടക്ക് കാണിക്കുന്ന ഈ സ്ഥാപനത്തിൽ സംസ്ഥാന ഗവൺമെൻറിൻെറ ഓഹരി 60 ലക്ഷം രൂപയാണ്. സംസ്ഥാന ഗവൺമെൻറിൽ നിന്നും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കിട്ടിയ തുക കൂട്ടിയാൽ 49 ശതമാനമാകും. ഇതിനാവശ്യമായ പല സഹായങ്ങൾക്ക് വേണ്ടി മാനേജ്മെൻറ് ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ട്. 10 കോടി രൂപയുടെ റിക്കവറാലൈസ്ഡ് സ്കീമാണുള്ളത്. അതുപ്രകാരം അതിൽ പ്രൊമോട്ടേഴ്സിൻെറ 200 ലക്ഷത്തിൽ 50 ലക്ഷം സംസ്ഥാനഗവൺമെൻറ് വഹിക്കാമെന്ന് സമ്മതിച്ചു. ഇപ്പോൾ അവർക്ക് വേണ്ടത് 6 കോടി രൂപയുടെ ഗ്യാരൻറിയാണ്. സാമ്പത്തിക സ്ഥാപനങ്ങളും അത് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഓൺസെർഷ്യമാകും. പക്ഷേ അത് നൽകണമെങ്കിൽ സംസ്ഥാന ഗവൺമെൻറ് നിർദ്ദേശിക്കുന്ന ചില ഉപാധികൾ അവർ സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെൻറ് നിർബന്ധിക്കുകയാണ്. അതിൽ, മാനേജ്മെൻറ് പ്രൊഫഷണൽ മാനേജ്മെൻറായിരിക്കണം, മറ്റ് ചില കാര്യങ്ങളും ഉണ്ട്. അത്കൂടി അംഗീകരിക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

അതിന് ശ്രമിക്കുന്നതാണ്. അത് ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിലാണുള്ളത്. ഗവൺമെൻറിന്റെ ഭാഗത്ത്നിന്ന് ആവുന്നതെല്ലാം ചെയ്യാം.

(9) തൃശ്ശൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഹാജരായ ജോൺസന്റെ മരണം

ശ്രീ. എ. വി. താമരാക്ഷൻ : സർ, തൃശ്ശൂർ പോലീസ് സ്റ്റേഷനിൽ പരാതി പറയാൻ ചെന്ന 32 വയസുള്ള ജോൺസനെന്നു പറയുന്ന ഒരു ചെറുപ്പക്കാരന്റെ മൃതശരീരം പിറ്റേ ദിവസം പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിണറ്റിൽ കണ്ട സാഹചര്യം വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, അടിയന്തിര പ്രമേയത്തിലൂടെ അതിന് അനുമതി തേടിയതാണ്. ആർ. എസ്. പി. യുടെ തൃശ്ശൂർ മണ്ഡലം കമ്മിറ്റിയംഗവും, തൃശ്ശൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ എ. എൽ. ഔസേപ്പിന്റെ മകൻ ജോൺസനാണ്, പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിണറ്റിൽ മൃതശരീരം കണ്ടെത്തിയത്. സർ, ഒരു ആട്ടോറിക്ഷക്കാരനുമായുണ്ടായ തർക്കത്തെ തുടർന്നാണ് 26-ാം തീയതി ഞായറാഴ്ച രാത്രി 11 മണിയോടുകൂടി പോലീസ് സ്റ്റേഷനിലെത്തിയത്. രാത്രി ജോൺസൻ വീട്ടിൽ വരാതിരുന്നപ്പോൾ ഭാര്യ വീട്ടിൽ പോയിരിക്കുന്നുവെന്നാണ് വീട്ടുകാർ കരുതിയത്. എന്നാൽ 27-ാം തീയതി രാവിലെ കാലിക്കട്ട് ഡീസൽ ഹൗസിൽ ജോലിയിൽ കാണാതായതിനെ തുടർന്നാണ് ഔസേപ്പ് അന്വേഷണമാരംഭിച്ചത്. 27-ാം തീയതി ഏകദേശം മൂന്നര മണിയോടുകൂടി ജോൺസന്റെ ജഡം പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിഴക്കു ഭാഗത്തുള്ള കിണറ്റിൽ കിടക്കുന്നതായി കണ്ടെത്തി. ഒക്ടോബർ 26-ാം തീയതി രാത്രി സ്റ്റേഷനിൽ ചെല്ലുമ്പോൾ പോലീസുകാർ ടി. വി. കണ്ടുകൊണ്ടിരിക്കുകയായിരുന്നു. നല്ല മഴയുണ്ടായിരുന്നു. കൺട്രോൾ റൂമിലെ ഒരു പോലീസ് വാഹനം ജോൺസൻ കിടന്നിരുന്ന കിണറിന്റെ പരിസരത്ത് കിടന്നിരുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സർ, ജോൺസൻ ആത്മഹത്യ ചെയ്തതെന്ന് വരുത്തിവയ്ക്കാനാണ് പോലീസിന്റെ ശ്രമം. ജോൺസൻ ആത്മഹത്യ ചെയ്യേണ്ട യാതൊരു സാഹചര്യവുമില്ല. ഭാര്യയും, ഒരു കുട്ടിയുമടങ്ങുന്ന സുഖമായി കഴിയുന്ന ഒരു കുടുംബമായിരുന്നു ജോൺസന്റേത്.

പോലീസ്സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം മൂലമാണ് ജോൺസൻ മരിച്ചിട്ടുള്ളത്. പോലീസ് കൺട്രോൾ റൂമിൽ രാത്രി സായുധപോലീസ് കാവൽ ഉണ്ട്. അതിനുമുന്നിലുള്ള കിണറ്റിൽ ചാടിമരിക്കാൻ ജോൺസൻ ശ്രമിച്ചെങ്കിൽ തീർച്ചയായും പോലീസ്കാർ കുറ്റക്കാരാണ് രാത്രിമുഴുവൻ പോലീസ് പട്രോൾ നടത്തുന്ന സ്ഥലമാണ്. ടൗൺ പോലീസ്സ്റ്റേഷൻ ക്രൈംബ്രാഞ്ച് വട്ടപ്പിലാണ് ഈ കിണർ. ജോൺസനെ കൊലചെയ്തു ജഡം ഈ കിണറ്റിൽ കൊണ്ടിട്ടത് പോലീസ് അറിയാതിരിക്കാൻ സാദ്ധ്യമല്ല. ഈ സാഹചര്യത്തിൻ പോലീസ് തല്ലിക്കൊന്ന് കിണറ്റിൽ തള്ളിയിട്ടതായിട്ടാണ് സംശയിക്കുന്നത്. പോലീസ്സ്റ്റേഷനിൽ ചെല്ലുന്ന പ്രതികളെ മീശപറിച്ചും മർദ്ദിച്ചും തല്ലിക്കൊല്ലുന്ന നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പോലീസിനെ കയറൂരിവിട്ടിരിക്കുന്ന ഈ നടപടി ഏറ്റവും മോശകരമായ നടപടിയാണ്. ഇക്കാര്യത്തിൽ കുറ്റവാളികളെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കാൻ ഗവൺമെൻറ് അടിയന്തിരശ്രദ്ധ പതിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly